LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 1-12-2014 വരെ 2962973 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും അതിൽ 1073719 കുടുംബങ്ങളിലെ 1131820 പേർക്ക് ആവശ്യാധിഷ്ഠിതമായി തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷം 406422 പേർക്ക് നൂറ് ദിവസം തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 1-12-2014 വരെ കേന്ദ്രവിഹിതമായി 73948.46 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 4000 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുത്തവർക്ക് 1-12-2014 വരെ 224.60 കോടി രൂപ അവിദഗ്ധ വേതന കുടിശ്ശികയിനത്തിൽ നൽകാനുണ്ട്. 2014 ഒക്ടോബർ, നവംബർ മാസങ്ങളിലെ വേതനമാണ് കുടിശ്ശികയായിട്ടുള്ളത്.

(ഇ) തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കിടെ മരണപ്പെട്ടവരുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു. പണി സ്ഥലത്തുവച്ച് അപകട മരണം സംഭവിച്ചാൽ അവകാശികൾക്ക് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള എക്സ്ഗ്രേഷ്യയ്ക്ക് അവകാശമുണ്ടായിരിക്കും.

(എഫ്) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുത്ത തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം

57 (1493) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയിൽ തൊഴിലാളികൾക്ക് അക്കൗണ്ട് ഉള്ള ബാങ്കുകളിലേക്ക് വേതനം നേരിട്ട് നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ വേതന വിതരണത്തിനായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (e-FMS) സംസ്ഥാനത്ത് 975 ഗ്രാമപഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 3 ഗ്രാമപഞ്ചായത്തുകളിലെ തൊഴിലാളികളുടെ അക്കൗണ്ടുകൾ സമ്പൂർണ്ണമായും കോർ ബാങ്കിംഗ് സൗകര്യമില്ലാത്ത സഹകരണ ബാങ്കുകളിലായതിനാൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ ഇ-എഫ്.എം.എസ്. മുഖേന വേതന വിതരണം ആരംഭിച്ചിട്ടില്ല. തൊഴിലാളികളുടെ അക്കൗണ്ടുകൾ കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കിലേക്ക് മാറ്റുകയോ സഹകരണ ബാങ്കുകൾ കോർ ബാങ്കിംഗ് സിസ്റ്റം അവലംബിച്ചിട്ടുള്ള വാണിജ്യ ബാങ്കുകളുമായി സഹകരിച്ച് വേതനം വിതരണം ചെയ്യുന്നതിന് സജ്ജമാകുന്നതോടെ ഇവരെയും ഇ-എഫ്.എം.എസ്.-ൽ ഉൾപ്പെടുത്താവുന്നതാണ്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005, ഷെഡ്യൂൾ II 29 (1) പ്രകാരം തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം മസ്റ്റർറോൾ പൂർത്തീകരിച്ചതിനുശേഷം 15 ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെയും ബാങ്കിലെയും സങ്കീർണ്ണമായ നടപടി ക്രമങ്ങൾമൂലം തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി യഥാസമയം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനാണ് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുള്ളത്. ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം മുഖേന തൊഴിലാളികളുടെ വേതനം അവരുടെ അക്കൗണ്ടിലേക്ക് സംസ്ഥാന മിഷനിൽ നിന്ന് നേരിട്ട് നൽകുകവഴി ധനവിനിയോഗത്തിൽ കൃത്യതയും സുരക്ഷയും സുതാര്യതയും ഉറപ്പാക്കുകയാണ് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഉദ്ദേശ്യം.

(സി) തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി നിർണ്ണയിക്കുന്നത് മസ്റ്റർറോൾ പ്രകാരമുള്ള ഹാജരിന്റെയും ചെയ്ത പ്രവൃത്തിയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വേജ് ലിസ്റ്റ് പ്രകാരവുമാണ്. ഇ-എഫ്.എം.എസ്. പദ്ധതിയിൽ വേജ് ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രോണിക്കായി കമ്പ്യൂട്ടർ സംവിധാനംവഴി തയ്യാറാക്കി അതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഡിജിറ്റലായി ഒപ്പ് രേഖപ്പെടുത്തുന്നു. ഒപ്പ് രേഖപ്പെടുത്തിയ വേജ് ലിസ്റ്റുകൾ ഉടൻതന്നെ ഫണ്ട് ട്രാൻസ്ഫർ ഓർഡറുകളായി ഈ ആവശ്യത്തിലേക്ക് നിശ്ചയിച്ചിട്ടുള്ള നോഡൽ ബാങ്കുകളിലേക്ക് ഇലക്ട്രോണിക്കായി അയച്ചുകൊടുക്കുന്നു. നോഡൽ ബാങ്കുകൾക്ക് ലഭിക്കുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ പരിശോധിച്ച് പ്രസ്തുത ബാങ്കുകൾ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് തുക വരവുവയ്ക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം, ആവശ്യമായ കമ്പ്യൂട്ടറുകൾ, സാങ്കേതിക ജീവനക്കാർ എന്നീ സൗകര്യങ്ങൾ പഞ്ചായത്തുകളിൽ ഒരുക്കിയിട്ടുണ്ട്.

(ഡി) ഇ-എഫ്.എം.എസ്. നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കുകളും പോസ്റ്റ് ഓഫീസുകളും നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC), RBI എന്നീ സ്ഥാപനങ്ങൾ സഹകരിക്കുന്നുണ്ട്. നിലവിൽ പഞ്ചായത്തുകൾ അയയ്ക്കുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സംസ്ഥാനത്തെ ദേശസാത്കൃത ബാങ്കുകളായ കാനറാ ബാങ്ക്, എസ്.ബി.റ്റി., എസ്.ബി.ഐ. എന്നിവയാണ് സ്വീകരിച്ച് തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് നൽകുന്നത്.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക സംബന്ധിച്ച വിവരം

58 (1494) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14, 2014-15 വർഷങ്ങളിൽ മഹാത്മാഗന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് എത്ര തുക വീതം അനുവദിച്ചു ; ഇതിൽ എത്ര തുക ചെലവാക്കി ; ബാക്കി തുക ചെലവഴിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോവർഷവും എത്ര തൊഴിൽ ദിനങ്ങൾ വീതം സൃഷ്ടിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.